# Mathrubhumi

# 23 August 2018

# Malappuram, Padapparambu, Flood Relief



പെരുന്നാൾ പ്രാർഥനയ്ക്കിടയിൽ 'പാപ്പ'യുടെ കൈകളിലെത്തിയത് രണ്ടരലക്ഷം

പടപ്പറമ്പ് ഷെയ്ഖ് ബാ കാജാ മുയിനുദ്ദീൻ സംഗീത അക്കാദമി സമാഹരിച്ച രണ്ടരലക്ഷം രൂപ അക്കാദമി സെക്രട്ടറി അഡ്വ. ടി.പി. രാമചന്ദ്രൻ മാതൃഭൂമി ന്യൂസ് എഡിറ്റർ അശോക് ശ്രീനിവാസിന് കൈമാറുന്നു. അക്കാദമി സ്ഥാപകൻ സെയ്ത് മുഹമ്മദ് തങ്ങൾ സമീപം

## ഇത് കാരുണ്യത്തിന്റെ സംഗീതം

പടപ്പറമ്പ് (മലപ്പുറം) ▸ "പാപ്പ ആദ്യമായാണ് ഒരുകാര്യം ആവശ്യപ്പെടുന്നത്. നാളെവരുമ്പൊ കഴിയുന്നത്ര പണവുമായി വരണം. നമ്മളാൽ കഴിയുന്നത് നമുക്കും ചെയ്യണ്ടേ?" പെരുന്നാൾത്തലേന്ന് ഒത്തുകൂടിയവരോട് 'പാപ്പ' എന്ന സെയ്ത് മുഹമ്മദ് തങ്ങൾ ഇത്രയേ പറഞ്ഞുള്ളൂ. പെരുന്നാൾദിനത്തിൽ അതേ മുറ്റത്ത് അതിനേക്കാൾ ആളുകൾ ഒത്തുകൂടി. ദുരിതമനുഭവിക്കുന്ന കൂടപ്പിറപ്പുകൾക്കുവേണ്ടി അവർ ഉള്ളുരുകി പ്രാർഥിച്ചു. ഒപ്പം നൂറിന്റെയും അഞ്ഞൂറിന്റെയും രണ്ടായിരത്തിന്റെയുമൊക്കെ നോട്ടുകളെടുത്ത് ആ കൈകളിലേക്ക് നീട്ടി. അതിൽ കൂലിപ്പണിക്കാരനും ഉദ്യോഗസ്ഥരും ഗൾഫുകാരനുമൊക്കെയുണ്ടായിരുന്നു. അരമണിക്കൂർകൊണ്ട് പാപ്പയുടെ കൈകളിലെത്തിയ പണം എണ്ണിത്തിട്ടപ്പെടുത്തിയപ്പോൾ രണ്ടരലക്ഷം രൂപ! "നോക്കൂ, ഇതൊരു സംഗീത അക്കാദമിയാണ്. കാരുണ്യത്തിന്റെ സംഗീതംകൂടിയാണ് നിറഞ്ഞുകവിയുന്ന ഈ പണം..." - സെയ്ത് മുഹമ്മദ് തങ്ങൾ പറഞ്ഞു. "പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് ഇതുകൊണ്ടാവുന്നത് ആവട്ടെ. സഹജീവികൾ ഒരു കെടുതിയിലകപ്പെടുമ്പോൾ ഇങ്ങനെ ചെയ്യേണ്ടത് ഓരോരുത്തരുടെയും കടമയാണ്. മാനവികതയുടെ വെളിച്ചംപ്രസരിക്കുന്ന പ്രാർഥനയാണിത്"- തങ്ങൾ അതിന്റെ പ്രാധാന്യം വ്യക്തമാക്കി.

മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിനടുത്ത് പടപ്പറമ്പിലാണ് ഷെയ്ഖ് ബാ കാജാ മുയിനുദ്ദീൻ സംഗീത അക്കാദമി. സൂഫി സന്ന്യാസിയായ സെയ്ത് മുഹമ്മദ് തങ്ങൾ, ഗുരുവിന്റെ ഓർമയ്ക്ക് സ്ഥാപിച്ച സംഗീതവിദ്യാലയം. ഹിന്ദുസ്ഥാനി സംഗീതത്തിലെ മഹാരഥന്മാർ ഇവിടെ അധ്യാപകരായി എത്തുന്നുണ്ട്. 'സംഗീതം, സംസ്കാരം, ചരിത്രം' എന്നിവയിലൂന്നി വലിയൊരു ലൈബ്രറിയും കലാകാരന്മാർ എത്തുമ്പോൾ സൗജന്യമായി താമസിക്കാനുള്ള കോട്ടേജും ഇവിടെ ഒരുങ്ങുന്നുണ്ട്.

തുക അക്കാദമി സെക്രട്ടറി അഡ്വ. ടി.പി. രാമചന്ദ്രൻ മാതൃഭൂമി ന്യൂസ് എഡിറ്റർ അശോക് ശ്രീനിവാസിന് കൈമാറി. മാതൃഭൂമിയുടെ 'കേരളത്തിനൊരു കൈത്താങ്ങിലൂടെ' ഈ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകും.

### 'മാതൃഭൂമി' മനുഷ്യർ വായിക്കുന്ന പത്രം

▸"'മാതൃഭൂമി'യെ ഒറ്റതിരിഞ്ഞ് ആക്രമിക്കുന്ന സംഭവങ്ങൾ പലപ്പോഴായി ഉണ്ടായിട്ടുണ്ടെന്ന് പ്രാർഥനാ സമ്മേളനത്തിനിടെ സെയ്ത് മുഹമ്മദ് തങ്ങൾ പറഞ്ഞു. അങ്ങനെചെയ്ത സംഘടിതഗ്രൂപ്പുകൾ 'മാതൃഭൂമി' ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്തു. അപ്പോഴൊക്കെ ആവർത്തിച്ച് തെളിഞ്ഞ ഒരു കാര്യമിതാണ്, മാതൃഭൂമി അവരുടേതൊന്നുമല്ല, അത് മനുഷ്യർ വായിക്കുന്ന പത്രമാണ്, മനുഷ്യർക്കുള്ള പത്രമാണ്. ഇപ്പോൾ പ്രളയം തീർത്ത ദുരന്തമുഖത്തും വിഭാഗീയതകളില്ലാതെ മനുഷ്യപക്ഷത്തുനിന്നുകൊണ്ട് മാതൃഭൂമി സേവനം ചെയ്യുന്നു"- തങ്ങൾ പറഞ്ഞു.